LIBRARY ARCHIVES Kerala Legislative Assembly

ഇരിക്കൂർ നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ

132 (881) ശ്രീ. സജീവ് ജോസഫ്: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്തും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരിക്കൂർ നിയോജക മണ്ഡലത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളായ പൈതൽമല, ഏഴരക്കുണ്ട് വെള്ളച്ചാട്ടം, പാലക്കയംതട്ട്, ശശിപ്പാറ, കാഞ്ഞിരക്കൊല്ലി, അളകാപുരി വെള്ളച്ചാട്ടം എന്നിവയുടെ വികസനത്തിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോയെന്ന് അറിയിക്കുമോ?

പൈതൽമല വനം വകുപ്പിന്റെ അധീനതയിലുള്ള പ്രദേശമാണ്. അവിടെ ടൂറിസം പദ്ധതികൾ നടപ്പിലാക്കുന്നത് ഇപ്പോൾ പരിഗണനയിലില്ല. ഏഴരക്കുണ്ട് വെള്ളച്ചാട്ടം, ട്രക്കിംഗ് പാത എന്നിവയുമായി ബന്ധപ്പെട്ട രണ്ടാം ഘട്ട പദ്ധതി പ്രവൃത്തികൾ വാപ്കോസ് എന്ന ഏജൻസി മുഖാന്തിരം പുരോഗമിക്കുന്നു. പാലക്കയം തട്ടിൽ മിയാവാക്കി വനം ഒരുക്കാൻ പദ്ധതിയിട്ടിരുന്നുവെങ്കിലും പ്രസ്തുത സ്ഥലം പദ്ധതിക്ക് അനുയോജ്യ മല്ലാത്തതിനാൽ ഉപേക്ഷിക്കുകയുണ്ടായി. ശശിപ്പാറയിൽ നിലവിൽ ടൂറിസം പദ്ധതികളൊന്നും ആലോചിച്ചിട്ടില്ല. കാഞ്ഞിരക്കൊല്ലി/അളകാപുരി പ്രദേശത്ത് ഒരു ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ പദ്ധതി ആരംഭിച്ചുവെങ്കിലും പദ്ധതിയുൾപ്പെടുന്ന സ്വകാര്യ ഭൂമിയുടെ റിലിംഗ്വിഷമെന്റ് നടപടികൾ പൂർത്തീകരിക്കാത്തതിനാൽ നിർമ്മാണം പൂർത്തിയായിട്ടില്ല.

(ബി) പ്രസ്തുത കേന്ദ്രങ്ങളെ ബന്ധിപ്പിച്ചുകൊണ്ട് വിനോദസഞ്ചാര വകുപ്പിന്റെയോ ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലിന്റെയോ നേതൃത്വത്തിൽ ഒരു ടൂറിസം സർക്യൂട്ട് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

ഇപ്പോൾ പരിഗണനയിലില്ല.

പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപന നിലവാരം

133(882) ശ്രീ. കെ. ബാബു (നെന്മാറ):
ശ്രീ. കെ. എം. സച്ചിൻദേവ്:
ശ്രീമതി ശാന്തകുമാരി കെ. :
ശ്രീ. എൻ. കെ. അക്ബർ: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാലയങ്ങളിലെ അദ്ധ്യാപന നിലവാരം ഉയർത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിക്കാനുദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

അദ്ധ്യാപന നിലവാരം ഉയർത്തുന്നതിന് അദ്ധ്യാപകർക്ക് വിവിധ തലത്തിലുള്ള പരിശീലനങ്ങൾ നടത്തിവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ഇതിന്റെ ഭാഗമായി എന്തെല്ലാം പരിശീലന പരിപാടികളാണ് അദ്ധ്യാപകർക്കായി സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്താമോ?

എസ്.സി.ഇ.ആർ.ടി.-യുടെ ആഭിമുഖ്യത്തിൽ 6 മാസം ദൈർഘ്യമുള്ള സമഗ്ര അദ്ധ്യാപക പരിവർത്തന പരിപാടി ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. ഈ സർട്ടിഫിക്കറ്റ് കോഴ്സിന്റെ ആദ്യ ബാച്ച് വിജയകരമായി പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഡിജിറ്റൽ ക്ലാസ്സുകൾ ഫലപ്രദമായി ഓൺലൈൻ സംവിധാനത്തിലൂടെ വിനിമയം ചെയ്യുന്നതിന് അദ്ധ്യാപകരെ സാങ്കേതികമായി ശാക്തീകരിക്കുന്നതിനാവശ്യമായ പരിശീലനം നൽകുന്നതാണ്. സർവീസിൽ ആദ്യമായി പ്രവേശിക്കുന്ന അദ്ധ്യാപകർക്കായി ഇൻഡക്ഷൻ പരിശീലനവും നൽകുന്നതാണ്. സവിശേഷ വിദ്യാലയങ്ങളിലെ അദ്ധ്യാപകർക്കായി പരിശീലനപരിപാടികളും നടത്തിവരുന്നു. പ്രീസ്കൂൾ അദ്ധ്യാപകർക്കായി 'പ്രശിക്ഷാ' എന്ന പേരിൽ പരിശീലനപരിപാടിയും നടപ്പിലാക്കിവരുന്നു. അദ്ധ്യാപകർക്ക് വ്യക്തിഗത ഗവേഷണം നടത്തുന്നതിനും സ്കൂൾതല അക്കാഡമിക പിൻതുണ നൽകുന്നതിനും അവസരമൊരുക്കുന്നുണ്ട്.

(സി) പഠന നിലവാരം ഉയർത്തുന്നതിൽ അദ്ധ്യാപകരും രക്ഷാകർത്താക്കളും തമ്മിലുള്ള ആശയവിനിമയം അത്യന്താപേക്ഷിതമായതിനാൽ സ്കൂളുകളിൽ അദ്ധ്യാപക-രക്ഷകർതൃ സംഘടനകളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

അദ്ധ്യാപകരും രക്ഷകർത്താക്കളും തമ്മിലുള്ള ആശയവിനിമയം കൂടുതൽ ഫലപ്രദമാക്കുന്നതിനാവശ്യമായ പ്രവർത്തനപദ്ധതി തയ്യാറാക്കുന്നതാണ്.

സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണം

134 (883) ശ്രീ. മുരളി പെരുനെല്ലി: താഴെക്കാണുന്ന ചോദ്യങ്ങൾക്ക് പൊതുവിദ്യാഭ്യാസവും തൊഴിലും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞം പദ്ധതിയുടെ ഭാഗമായി മണലൂർ മണ്ഡലത്തിൽ ഏതെല്ലാം സ്കൂൾ കെട്ടിടങ്ങളുടെ നിർമ്മാണമാണ് പുരോഗമിച്ചു കൊണ്ടിരിക്കുന്നതെന്ന് അറിയിക്കുമോ;

(ബി) പ്രസ്തുത കെട്ടിടങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്നും ഇനി എത്ര ശതമാനം പ്രവൃത്തികളാണ് പൂർത്തീകരിക്കാനുള്ളതെന്നും വിശദമാക്കാമോ?

(എ&ബി) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം പദ്ധതി പ്രകാരം മണലൂർ മണ്ഡലത്തിൽ ചുവടെ പറയുന്ന സ്കൂളുകളിൽ കെട്ടിട നിർമ്മാണം നടന്നു വരുന്നു. 5 കോടി കിഫ്ബി ഫണ്ട് - മുല്ലശ്ശേരി ഗവ.എച്ച്.എസ്.എസ് - പണി പൂർത്തിയായി വരുന്നു.